©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ജൂൺ 17
17th June 2026
1201 മിഥുനം 3
3rd Mithunam 1201
1948 ജ്യേഷ്ഠം 27
27th Jyaishta 1948

നമ്പർ
No.
1837

ഫോറം നം 4

ചട്ടം 11(3) കാണുക

വിജ്ഞാപനം

DCPKD/1231/2022-C2 2026 ജൂൺ 12

കേരള സർക്കാരിന്റെ 01/01/2022 തീയ്യതിയിലെ ജി.ഒ.(ആർ.ടി)നം.14/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാലക്കാട് എൽ.എ(കിഫ്ബി) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചുത്തരവായിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി കേരള വോളന്ററി ഹെൽത്ത് സർവീസസ്, കളക്ടറേറ്റ് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 11/05/2023 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 12 നമ്പർ 1624 പ്രസിദ്ധീകരണ പ്രകാരം 4(1) നോട്ടിഫിക്കേഷൻ കേരള ഗസറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ളതും 07/10/2023 തീയതി സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട്സമർപ്പിച്ചിട്ടുള്ളതുമാണ്.

എന്നാൽ, ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പാലക്കാട് കണ്ണാടി – പന്നിക്കോട് റോഡ് വിപുലീകരണത്തിനായി, പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ തേങ്കുറ്റിശ്ശി –1 , തേങ്കുറിശ്ശി –2, എരിമയൂർ –2 എന്നീ വില്ലേജുകളിലായി 11/06/2025 തീയതിയിലെ സ.ഉ.(സാധാ)നം.1402/2025/RD, 14/03/2026 തീയതിയിലെ സ.ഉ. (സാധാ)നം.663/2026/RD എന്നീ ഭേദഗതി ഉത്തരവിൻ പ്രകാരം പുതിയതായി ഭരണാനുമതി ലഭിച്ച അധിക സർവേ നമ്പരുകൾകൂടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും ;

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ; ഇപ്പോൾ, തന്മൂലം 16-07-2025 തിയതിയിലെ G.O.(Ms)No.217/2025/RD നമ്പർ ഉത്തരവ് പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവീസസ്, കളക്ടറേറ്റ് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ടാഴ്ചയ്ക്കകം പൂർത്തിയാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല - പാലക്കാട് താലൂക്ക് - ആലത്തൂർ

ക്രമ നമ്പർ	വില്ലേജ്	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	ഭൂമിയുടെ തരം	വിസ്തീർണ്ണം
1	തേങ്കുറിശ്ശി -1	18	1) 4/11	നിലം	
			2) 30/1	കനാൽ പുറമ്പോക്ക്	
			3) 64/8	പുരയിടം	
			4) 56/13	കനാൽ പുറമ്പോക്ക്	
			5) 72/8	കനാൽ പുറമ്പോക്ക്	
			6) 307/9	നിലം	
2	തേങ്കുറിശ്ശി - 2		1)147/2	നിലം	
			2)147/4	നിലം	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		19			
			3) 158/4	നിലം	
		20	4) 529/6	പുരയിടം	
			5) 529/7	പുരയിടം	
			6) 147/4	നിലം	
			7) 524/8	നിലം	
			8) 565/12	നിലം	
3	എരിമൂർ -2	22	397/7	നിലം	
					0.1228 ഹെക്ടർ

ഒപ്പ്/-
ജില്ലാ കളക്ടർ,
പാലക്കാട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19/09/2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട്. പാലക്കാട് കണ്ണാടി – പന്നിക്കോട് റോഡ് വിപുലീകരണത്തിനായി പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ കണ്ണാടി – 1, ആലത്തൂർ താലൂക്കിലെ തേങ്കുറ്റിശ്ശി –1 , തേങ്കുറിശ്ശി –2, എരിമയൂർ –2 വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.17 06:49:23 +05:30